# പതിനാലാം കേരള നിയമസഭ

## സബ്ജക്ട് കമ്മിറ്റി IX

## (തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവന നിർമ്മാണവും)

## 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5)-ാം ഉപചട്ടപ്രകാരമുള്ളത്

2018 ജൂൺ 18-ാം തീയതി സമർപ്പിച്ചത്
(Presented on 18th June, 2018)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2018

പതിനാലാം കേരള നിയമസഭ

# സബ്ജക്റ്റ് കമ്മിറ്റി IX

## (തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവന നിർമ്മാണവും)

## 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും
സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5)-ാം
ഉപചട്ടപ്രകാരമുള്ളത്

1028/2018.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്റ്റ് കമ്മിറ്റി IX

## (തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവന നിർമ്മാണവും)

## (2016 -2018)

### ഘടന

<u>ചെയർമാൻ</u> :

ഡോ. കെ. ടി. ജലീൽ,

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും

വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി.

<u>എക്സ് - ഒഫീഷ്യോ അംഗം:</u>

ശ്രീ. ഇ. ചന്ദ്രശേഖരൻ,

റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി.

<u>അംഗങ്ങൾ:</u>

ശ്രീമതി പി. അയിഷാ പോറ്റി

ശ്രീ. മഞ്ഞളാംകുഴി അലി

ശ്രീ. അനിൽ അക്കര

ശ്രീ. കെ. ആൻസലൻ

ശ്രീ. കെ. ബാബു

ശ്രീ. കെ. എസ്. ശബരീനാഥൻ

ശ്രീ. പി. ഉബൈദുള്ള

ശ്രീ. പി. വി. അൻവർ

ശ്രീ. ഇ. കെ. വിജയൻ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി

ശ്രീ. എ. ഷാജഹാൻ, ജോയിന്റ് സെക്രട്ടറി

ശ്രീ. രാജു, കെ. എ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. പി. വി. ചന്ദ്രദാസ്, അണ്ടർ സെക്രട്ടറി.

# അവതാരിക

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ ചെയർമാനായ ഞാൻ 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സമർപ്പിക്കുന്നു.

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് 2017 ഏപ്രിൽ 25-ാം തീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി യോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

ഈ റിപ്പോർട്ട് രണ്ട് ഭാഗങ്ങളായി തയ്യാറാക്കിയിരിക്കുന്നു. ഒന്നാം ഭാഗത്ത് 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച് രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിൽ, സർക്കാരിൽ നിന്നും മറുപടി ലഭിച്ച ശിപാർശകളും സ്വീകരിച്ച നടപടികളും രണ്ടാംഭാഗത്ത് സർക്കാരിൽ നിന്നും മറുപടി ലഭിക്കാത്ത ശിപാർശകളുടെ വിവരങ്ങളും ചേർത്തിരിക്കുന്നു.

2018 ജൂൺ 7-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

**ഡോ. കെ. ടി. ജലീൽ,**
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി IX.*

തിരുവനന്തപുരം,
2018 ജൂൺ 7.

## റിപ്പോർട്ട്

### ഭാഗം I

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവന നിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ മറുപടി ലഭിച്ച ശിപാർശകളും സർക്കാർ സ്വീകരിച്ച നടപടികളും.

### ധനാഭ്യർത്ഥന XXI—ഭവന നിർമ്മാണം

#### ശിപാർശ

2216-80-103-99 (38)—ട്രെയിനിംഗ് പ്ലാൻ

ഓഫീസ് ആധുനീകരണത്തിനും വീഡിയോ കോൺഫറൻസിംഗ് സൗകര്യം ലഭ്യമാക്കുന്നതിനും നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ട്രെയിനിംഗ് പ്ലാൻ പദ്ധതിക്ക് 2216-80-103-99 (38) എന്ന ശീർഷകത്തിൽ 25 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 5)

#### സർക്കാർ സ്വീകരിച്ച നടപടി

സംസ്ഥാന ഭവന നിർമ്മാണ ബോർഡിന് 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ട്രെയിനിംഗ് പ്ലാൻ പദ്ധതിക്ക് 2216-80-103-99 (38) എന്ന ശീർഷകത്തിൽ വകയിരുത്തിയ 50 ലക്ഷം രൂപയിൽ നിന്നും 29 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ 2017-18-ലെ പദ്ധതി വിഹിതം പൂർണ്ണമായും വിനിയോഗിക്കാത്തതിനാൽ ഭവന നിർമ്മാണ ബോർഡിന് 25 ലക്ഷം രൂപ അധിക തുക അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ ധനകാര്യ വകുപ്പ് അംഗീകരിക്കുകയുണ്ടായില്ല.

[കത്ത് നമ്പർ HSG-A3/176/2017-HSG, തീയതി 25-5-2018—ഭവന നിർമ്മാണ (എ) വകുപ്പ്]

#### ശിപാർശ

2216-80-001-99-01—ശമ്പളം

ഒഴിഞ്ഞു കിടന്ന തസ്തികകൾ നികത്തിയതിനാലും ശമ്പള പരിഷ്കരണ കുടിശ്ശിക നൽകുന്നതിനും നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ശമ്പളം, ക്ഷാമബത്ത, വീട്ടു വാടക അലവൻസ് എന്നിവയ്ക്ക് യഥാക്രമം 10,00,000 രൂപ, 4,00,000 രൂപ, 1,00,000 രൂപ വീതം 2216-80-001-99-01 എന്ന ശീർഷകത്തിൽ അധികമായി അനുവദിക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 7)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ഹൗസിംഗ് കമ്മീഷണറുടെ കാര്യാലയത്തിന് 15-3-2018-ലെ G.O. (Rt.) No. 2022/2018/Fin. ഉത്തരവ് പ്രകാരം 2216-80-001-99-02-(1) Wages എന്ന ശീർഷകത്തിൽ ധനഃപുനർവിനിയോഗം വഴി 50,000 രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്.

[കത്ത് നമ്പർ HSG-A3/176/2017-HSG, തീയതി 25-5-2018—ഭവന നിർമ്മാണ (എ) വകുപ്പ്]

<u>ശിപാർശ</u>

2216-80-001-99-21—<u>മോട്ടോർ വാഹനങ്ങൾ</u>

നിലവിലെ വാഹനം വളരെ പഴക്കം ചെന്നതായതിനാലും പുതിയ വാഹനം വാങ്ങുന്നതിന് ബഡ്ജറ്റ് വിഹിതമൊന്നും അനുവദിച്ചിട്ടില്ലാത്തതിനാലും 2216-80-001-99-21 എന്ന ശീർഷകത്തിൽ 10 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 8)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ഹൗസിംഗ് കമ്മീഷണറേറ്റിന് കാർ വാങ്ങുന്ന വിഷയത്തിൽ ധനകാര്യ വകുപ്പുമായി ബന്ധപ്പെട്ട് തീരുമാനം കൈക്കൊള്ളുന്നതാണ്.

[കത്ത് നമ്പർ HSG-A3/176/2017-HSG, തീയതി 25-5-2018—ഭവന നിർമ്മാണ (എ) വകുപ്പ്]

<u>ശിപാർശ</u>

2216-80-001-99-21-2—<u>സംരക്ഷണവും അറ്റകുറ്റപ്പണികളും</u>

നിലവിലുള്ള വിഹിതം അപര്യാപ്തമായതിനാൽ 2216-80-001-99-21-2 എന്ന ശീർഷകത്തിൽ 10 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 9)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

ഹൗസിംഗ് കമ്മീഷണറേറ്റിന് അറ്റകുറ്റപ്പണികൾ നടത്തുന്നതിന് 10 ലക്ഷം രൂപ അധിക തുക അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ ധനകാര്യ വകുപ്പ് അംഗീകരിച്ചിട്ടില്ല.

[കത്ത് നമ്പർ HSG-A3/176/2017-HSG, തീയതി 25-5-2018—ഭവന നിർമ്മാണ (എ) വകുപ്പ്]

ശിപാർശ

2216-80-101-99—നിർമ്മിതി കേന്ദ്രങ്ങൾ

നിർമ്മിതി പ്രൊഡക്ഷൻ സെന്ററുകൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനുവേണ്ടി തിരുവനന്തപുരം, പാലക്കാട് സെന്ററുകൾക്കായി ഓരോ ടിപ്പറും തിരുവനന്തപുരം സെന്ററിന് ഒരു ജെ.സി.ബി.-യും വാങ്ങുന്നതിലേക്കായി പദ്ധതിയിനത്തിൽ 59 ലക്ഷം രൂപ അധികമായും നിർമ്മിതി കേന്ദ്രത്തിന്റെ ആസ്ഥാന മന്ദിരത്തിന്റെയും റീജിയണൽ സെന്ററുകളുടെയും നവീകരണത്തിനായി പദ്ധതിയേതരയിനത്തിൽ 30 ലക്ഷം രൂപയും 2216-80-101-99-ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 18)

സർക്കാർ സ്വീകരിച്ച നടപടി

സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ പ്രൊഡക്ഷൻ സെന്ററുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് 2017-18 വർഷത്തിൽ വകയിരുത്തിയ 17.50 ലക്ഷം രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. എന്നാൽ അധിക തുക അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ ധനകാര്യ വകുപ്പ് അംഗീകരിച്ചിട്ടില്ല.

[കത്ത് നമ്പർ HSG-A3/176/2017-HSG, തീയതി 25-5-2018—ഭവന നിർമ്മാണ (എ) വകുപ്പ്]

ശിപാർശ

6216-80-201-96-(01)—ഹരിപ്പാട് റവന്യൂ ടവർ

പദ്ധതി ചെലവായ 19.92 കോടി രൂപയിൽ സർക്കാർ വിഹിതമായ 2.848 ലക്ഷം രൂപ മേൽ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 27)

സർക്കാർ സ്വീകരിച്ച നടപടി

ഹരിപ്പാട് റവന്യൂ ടവറിന്റെ നിർമ്മാണത്തിനായി 6216-80-201-96(01) എന്ന ശീർഷകത്തിൽ നിന്നും സ്റ്റേറ്റ് ബഡ്ജറ്റിൽ ഉൾപ്പെടുത്തി 100 ലക്ഷം രൂപയും, 6216-80-201-96(02) എന്ന ശീർഷകത്തിൽ നിന്നും 635.25 ലക്ഷം രൂപയും ഉൾപ്പെടെ ഇതുവരെ ആകെ 735.25 ലക്ഷം രൂപ RIDF സഹായമായി ഹൗസിംഗ് ബോർഡിന് അനുവദിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ നിർവ്വഹണ പുരോഗതി അനുസരിച്ച് ചെലവ് തുകയുടെ അടിസ്ഥാനത്തിൽ സമർപ്പിക്കപ്പെടുന്ന റീഇംബേഴ്സ്മെന്റ് ക്ലെയിമിൻമേൽ നബാർഡിൽ നിന്നും വായ്പ ലഭിക്കുന്ന മുറയ്ക്ക് ആവശ്യമായ തുക 6216-80-201-96(02)

എന്ന ശീർഷകത്തിൽ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. 6216-80-201-96(01) എന്ന ശീർഷകം സ്റ്റേറ്റ് പ്ലാൻ ഫണ്ടിന്റെ കീഴിൽ വരുന്നതാണ്. ധനകാര്യ (നോഡൽ സെന്റർ-എ) വകുപ്പിന്റെ 9-9-2016-ലെ സർക്കുലർ പ്രകാരം പദ്ധതികളുടെ സംസ്ഥാന വിഹിതം അതത് സ്ഥാപനങ്ങൾ വഹിക്കേണ്ടതാണെന്നുള്ള നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

[കത്ത് നമ്പർ E-491913/എൻ.സി.എ 1/2017/ധന., തീയതി 27-6-2017—ധനകാര്യ (നോഡൽ എ) വകുപ്പ്]

## ധനാഭ്യർത്ഥന XXV—പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക വിഭാഗങ്ങൾ/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം

<u>ശിപാർശ</u>

2225-04-001-99-01-3—<u>വീട്ടുവാടക അലവൻസ്</u>

വീട്ടുവാടകയിനത്തിൽ ബഡ്ജറ്റ് വിഹിതം അനുവദിച്ചിട്ടില്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 4 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 45)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

1-6-2017-ലെ G.O.(Rt.) No.4570/17/Fin. പ്രകാരം 4 ലക്ഷം രൂപ അധിക ധനാനുമതി വഴി അനുവദിച്ചിട്ടുണ്ട്.

[കത്ത് നമ്പർ 85/എം.ഡബ്ല്യു1/17/പൊ.ഭ.വ., തീയതി 5-8-2017—പൊതുഭരണ (ന്യൂനപക്ഷക്ഷേമ) വകുപ്പ്]

<u>ശിപാർശ</u>

2225-04-001-99-06—<u>വാടക, കരം, നികുതി</u>

മിക്ക പരിശീലന കേന്ദ്രങ്ങളും വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നതിനാൽ വാടക, കരം, നികുതി എന്ന ഇനങ്ങളിൽ നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 15 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 46)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

നിലവിലെ ബഡ്ജറ്റ് വിഹിതം പൂർണ്ണമായും വിനിയോഗിച്ചതിനുശേഷം അധിക തുക ആവശ്യമെങ്കിൽ അനുവദിക്കുന്നതാണ്.

[കത്ത് നമ്പർ 85/എം.ഡബ്ല്യു1/17/പൊ.ഭ.വ., തീയതി 5-8-2017— പൊതുഭരണ (ന്യൂനപക്ഷക്ഷേമ) വകുപ്പ് ]

<u>ശിപാർശ</u>

2225-04-102-92-34—<u>മറ്റ് ചെലവുകൾ</u>

വിവിധ പദ്ധതികളുടെ നടത്തിപ്പിന് നിലവിലുള്ള വിഹിതം അപര്യാപ്തമായതിനാൽ <u>ഈ ശീർഷകത്തിലേക്ക് 20 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

(ഖണ്ഡിക 47)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

നിലവിലെ ബഡ്ജറ്റ് വിഹിതം പൂർണ്ണമായും വിനിയോഗിച്ചതിനുശേഷം അധിക തുക ആവശ്യമെങ്കിൽ അനുവദിക്കുന്നതാണ്.

[കത്ത് നമ്പർ 85/എം.ഡബ്ല്യു1/17/പൊ.ഭ.വ., തീയതി 5-8-2017—പൊതുഭരണ (ന്യൂനപക്ഷക്ഷേമ) വകുപ്പ് ]

<u>ശിപാർശ</u>

2225-04-102-91-31—<u>ഗ്രാന്റ്-ഇൻ-എയ്ഡ്-ജനറൽ-ശമ്പളം</u>

ശമ്പള പരിഷ്കരണം, ഡി.എ. വർദ്ധനവ്, വാർഷിക വർദ്ധനവ്, ടി.എ./ഡി.എ. ഇനത്തിലുള്ള ചെലവുകൾ എന്നിവ വഹിക്കുന്നതിന് നിലവിലുള്ള വിഹിതം പര്യാപ്തമല്ലാത്തതിനാൽ <u>ഈ ശീർഷകത്തിൽ 48.38 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

(ഖണ്ഡിക 48)

<u>സർക്കാർ സ്വീകരിച്ച നടപടി</u>

നിലവിലെ ബഡ്ജറ്റ് വിഹിതം പൂർണ്ണമായും വിനിയോഗിച്ചതിനുശേഷം അധിക തുക ആവശ്യമെങ്കിൽ അനുവദിക്കുന്നതാണ്.

[കത്ത് നമ്പർ 85/എം.ഡബ്ല്യു1/17/പൊ.ഭ.വ., തീയതി 5-8-2017—പൊതുഭരണ (ന്യൂനപക്ഷക്ഷേമ) വകുപ്പ്]

ശിപാർശ

2225-04-102-91-36—ഗ്രാന്റ്-ഇൻ-എയ്ഡ്-ജനറൽ-ശമ്പളേതരം

ജില്ലാ കോൺഫറൻസുകൾ, സെമിനാറുകൾ, സിറ്റിംഗുകൾ തുടങ്ങിയവ സംഘടിപ്പിക്കുന്നതിനുള്ള ചെലവ്, മെമ്പർമാർക്ക് ഇന്ധന അലവൻസ്, ഓഫീസ് കെട്ടിട വാടക തുടങ്ങിയ ശമ്പളേതര ഇനങ്ങളിലുള്ള എല്ലാ ചെലവുകളും വഹിക്കുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ 36.13 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 49)

സർക്കാർ സ്വീകരിച്ച നടപടി

നിലവിലെ ബഡ്ജറ്റ് വിഹിതം പൂർണ്ണമായും വിനിയോഗിച്ചതിനു ശേഷം അധിക തുക ആവശ്യമെങ്കിൽ അനുവദിക്കുന്നതാണ്.

[കത്ത് നമ്പർ 85/എം.ഡബ്ല്യു/17/പൊ.ഭ.വ., തീയതി 5-8-2017—പൊതുഭരണ (ന്യൂനപക്ഷക്ഷേമ) വകുപ്പ്]

## ധനാഭ്യർത്ഥന നമ്പർ XLVI—സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും

ശിപാർശ

2235-02-101-92—അംഗവൈകല്യമുള്ളവർക്കും, മന്ദബുദ്ധികൾക്കുമായുള്ള പ്രത്യേക പെൻഷൻ പദ്ധതി

ക്ഷേമ പെൻഷൻ നിരക്ക് 1000 രൂപയിൽനിന്ന് 1100 രൂപയായും 1100 രൂപയിൽ നിന്നും 1300 രൂപയായും വർദ്ധിപ്പിക്കുന്നതിനും ഗുണഭോക്താക്കളുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനവും കാരണം നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിലേയ്ക്ക് 49.9919 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 60)

സർക്കാർ സ്വീകരിച്ച നടപടി

അംഗവൈകല്യമുള്ളവർക്കും മന്ദബുദ്ധികൾക്കുമായുള്ള പ്രത്യേക പെൻഷൻ പദ്ധതി ഇനത്തിൽ അധിക വിഹിതം അനുവദിക്കുന്നതിന് സമിതി ശിപാർശ ചെയ്തതിൻ പ്രകാരം 2017 ആഗസ്റ്റ് മാസം വരെയുള്ള പെൻഷൻ വിതരണം ചെയ്യുന്നതിന് 338.74 കോടി രൂപ അനുവദിക്കണമെന്ന് ധനകാര്യ വകുപ്പിന് പ്രൊപ്പോസൽ നൽകിയതിന്റെ അടിസ്ഥാനത്തിൽ 338.74 കോടി രൂപ അനുവദിക്കുകയും ആയത് പൂർണ്ണമായും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ടി തുക നിലവിൽ പര്യാപ്തവുമാണ്.

[കത്ത് നമ്പർ125/എഫ്.എം.2/2017/ത.സ്വ.ഭ.വ., തീയതി 1-2-2018—തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്.]

ശിപാർശ

2235-60-102-96—സാമൂഹ്യസുരക്ഷിതത്വ പദ്ധതിയനുസരിച്ച് 50 വയസ്സിനുമേൽ പ്രായമുള്ളവർക്കുള്ള പെൻഷൻ പദ്ധതി

ക്ഷേമപെൻഷൻ നിരക്ക് 800 രൂപയിൽ നിന്ന് 1000 രൂപയായി വർദ്ധിപ്പിക്കുന്നതിനും ഗുണഭോക്താക്കളുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനവും കാരണം നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിലേയ്ക്ക് 48.07 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 61)

സർക്കാർ സ്വീകരിച്ച നടപടി

സാമൂഹ്യസുരക്ഷിതത്വ പെൻഷൻ പദ്ധതിയനുസരിച്ച് 50 വയസ്സിനുമേൽ പ്രായമുള്ള വർക്കുള്ള പെൻഷൻ പദ്ധതി ഇനത്തിൽ അധിക വിഹിതം അനുവദിക്കുന്നതിന് സമിതി ശിപാർശ ചെയ്തത് പ്രകാരം 2017 ആഗസ്റ്റ് മാസം വരെയുള്ള പെൻഷൻ വിതരണം ചെയ്യുന്നതിന് 71.58 കോടി രൂപ അനുവദിക്കണമെന്ന് ധനകാര്യ വകുപ്പിന് പ്രൊപ്പോസൽ നൽകിയതിന്റെ അടിസ്ഥാനത്തിൽ 71.58 കോടി രൂപ അനുവദിക്കുകയും ടി തുക പൂർണ്ണമായും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ടി തുക നിലവിൽ പര്യാപ്തവുമാണ്.

[കത്ത് നമ്പർ 125/എഫ്.എം.2/2017/ത.സ്വ.ഭ.വ., തീയതി 1-2-2018—തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്]

ശിപാർശ

2235-60-102-97—ദേശീയ വാർദ്ധക്യകാല പെൻഷൻ പദ്ധതി

ദേശീയ വാർദ്ധക്യകാല പെൻഷൻ നിരക്ക് 1000 രൂപയിൽ നിന്ന് 1100 രൂപയായി വർദ്ധിപ്പിക്കുന്നതിനും ഗുണഭോക്താക്കളുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനവും 75 വയസ്സിനുമേൽ പ്രായമുള്ള ഗുണഭോക്താക്കൾക്ക് 1500 രൂപയായി പെൻഷൻ വർദ്ധിപ്പിച്ചതും കാരണം നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിലേയ്ക്ക് 24,45,35,88,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 62)

സർക്കാർ സ്വീകരിച്ച നടപടി

ദേശീയ വാർദ്ധക്യകാല പെൻഷൻ പദ്ധതി ഇനത്തിൽ അധിക തുക അനുവദിക്കുന്നതിന് സമിതി ശിപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ 2017 ആഗസ്റ്റ് മാസം വരെയുള്ള പെൻഷൻ വിതരണം ചെയ്യുന്നതിന് 2248.67 കോടി രൂപ അനുവദിക്കുന്നതിലേയ്ക്കായി ധനകാര്യ വകുപ്പിന് പ്രൊപ്പോസൽ നൽകിയതിന്റെ അടിസ്ഥാനത്തിൽ 2248.67 കോടി രൂപ അനുവദിക്കുകയും ടി തുക പൂർണ്ണമായും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ടി തുക നിലവിൽ പര്യാപ്തമാണ്.

[കത്ത് നമ്പർ 125/എഫ്.എം.2/2017/ത.സ്വ.ഭ.വ., തീയതി 1-2-2018—തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്]

ശിപാർശ

2235-60-102-98—കർഷക തൊഴിലാളി പെൻഷൻ

കർഷക തൊഴിലാളി ക്ഷേമപെൻഷൻ നിരക്ക് 600 രൂപയിൽനിന്ന് 1000 രൂപയായി വർദ്ധിപ്പിക്കുന്നതിനും ഗുണഭോക്താക്കളുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനവും കാരണം നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിലേയ്ക്ക് 2505 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 63)

സർക്കാർ സ്വീകരിച്ച നടപടി

കർഷക തൊഴിലാളി പെൻഷൻ പദ്ധതി ഇനത്തിൽ അധിക തുക അനുവദിക്കുന്നതിന് സമിതി ശിപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ 2017 ആഗസ്റ്റ് മാസം വരെയുള്ള പെൻഷൻ വിതരണം ചെയ്യുന്നതിന് 456.08 കോടി രൂപ അനുവദിക്കണമെന്ന് ധനകാര്യ വകുപ്പിന് പ്രൊപ്പോസൽ നൽകിയതിന്റെ അടിസ്ഥാനത്തിൽ 456.08 കോടി രൂപ അനുവദിക്കുകയും ടി തുക പൂർണ്ണമായും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ടി തുക നിലവിൽ പര്യാപ്തമാണ്.

[കത്ത് നമ്പർ 125/എഫ്.എം.2/2017/ത.സ്വ.ഭ.വ., തീയതി 1-2-2018—തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്]

ശിപാർശ

2535-60-102-99—അഗതികൾക്കുള്ള പെൻഷൻ

അഗതികൾക്കുള്ള ക്ഷേമ പെൻഷൻ നിരക്ക് 800 രൂപയിൽ നിന്ന് 1000 രൂപയായി വർദ്ധിപ്പിക്കുന്നതിനും പെൻഷൻഗുണഭോക്താക്കളുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനവും കാരണം

നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിലേയ്ക്ക് 10,69,57,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 64)

സ്വീകരിച്ച നടപടി

അഗതികൾക്കുള്ള പെൻഷൻ പദ്ധതി ഇനത്തിൽ അധിക തുക അനുവദിക്കുന്നതിന് ബഹു. കമ്മിറ്റി ശിപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ 2017 ആഗസ്റ്റ് മാസം വരെയുള്ള പെൻഷൻ വിതരണം ചെയ്യുന്നതിന് 1138.02 കോടി രൂപ അനുവദിക്കണമെന്ന് ധനകാര്യ വകുപ്പിന് പ്രൊപ്പോസൽ നൽകിയതിന്റെ അടിസ്ഥാനത്തിൽ 1138.02 കോടി രൂപ അനുവദിക്കുകയും ടി തുക പൂർണ്ണമായും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ടി തുക നിലവിൽ പര്യാപ്തമാണ്.

[കത്ത് നമ്പർ 125/എഫ്.എം.2/2017/ത.സ്വ.ഭ.വ., തീയതി 1-2-2018—തദ്ദേശ സ്വയംഭരണ (എഫ്.എം) വകുപ്പ്.]

ഭാഗം II

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവന നിർമ്മാണവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി IX-ന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിൽ 3 പൊതു ശിപാർശകൾ ഉൾപ്പെടെ ആകെ 67 ശിപാർശകളാണ് ഉള്ളത്. അതിൽ 16 ശിപാർശകൾക്കുള്ള മറുപടി സർക്കാരിൽനിന്നും ലഭിച്ചു. 51 ശിപാർശകളിന്മേൽ ഇനിയും മറുപടി ലഭിക്കാനുണ്ട്.

സർക്കാരിൽനിന്നും മറുപടി ലഭിച്ചിട്ടില്ലാത്ത ശിപാർശകളെ സംബന്ധിച്ച വിവരങ്ങളാണ് ചുവടെ ചേർത്തിട്ടുള്ളത്:

| വകുപ്പ് | ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റ് ലഭിച്ചിട്ടില്ലാത്ത ശിപാർശകൾ/ഖണ്ഡികകൾ |
|---|---|
| ഭവന നിർമ്മാണം ധനാഭ്യർത്ഥന XXI | 1, 2, 3, 4, 6, 10, 11, 12, 13, 14, 15, 16, 17, 19, 20, 21, 22, 23, 24, 25, 26 |
| നഗരവികസനം ധനാഭ്യർത്ഥന XXII | 28, 29, 30, 31, 32, 33, 34, 35, 36, 37, 38, 39, 40, 41, 42, 43, 44 |

| | |
|---|---|
| പഞ്ചായത്ത് ധനാഭ്യർത്ഥന XXXV | 50, 51, 52, 53 |
| ഗ്രാമ വികസനം ധനാഭ്യർത്ഥന XXXVI | 54, 55, 56, 57, 58, 59 |
| പൊതു ശിപാർശ I, II, III | |

തിരുവനന്തപുരം
2018 ജൂൺ 7.

ഡോ. കെ. ടി. ജലീൽ,
*അദ്ധ്യക്ഷൻ,*
*സബ്ജക്റ്റ് കമ്മിറ്റി IX.*

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2018

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.